LIBRARY ARCHIVES Kerala Legislative Assembly

ഒലവക്കോട്, തളിപ്പറമ്പ് ഡിപ്പോകളിലെ ചന്ദനതൈല മോഷണം

135 [448] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ കീഴിലുള്ള ഒലവക്കോട്, തളിപ്പറമ്പ് ഡിപ്പോകളിൽ ചന്ദനതൈലം കളുവുപോയത് സംബന്ധിച്ച അന്വേഷണം നടത്തിയതാരാണ്;

(ബി) അന്വേഷണം സി.ബി.ഐ.-യ്ക്ക് കൈമാറാൻ വേണ്ടി എന്നാണ് തീരുമാനിച്ചത്; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വെക്കാമോ;

(സി) അന്വേഷണം സി.ബി.ഐ. ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവ് കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നും അന്വേഷണം ആരംഭിച്ചിട്ടില്ലെങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ഇ) അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വനംവകുപ്പിന്റെ കീഴിലുള്ള ഒലവക്കോട് സ്ട്രോങ്റൂമിൽ നിന്നും ചന്ദനതൈലം ഉൾപ്പെടെയുള്ള വസ്തുക്കൾ കളവുപോയത് സംബന്ധിച്ചുള്ള അന്വേഷണം ആദ്യം പാലക്കാട് ഹേമാംബിക നഗർ പോലീസ് സ്റ്റേഷനിലാണ് നടത്തിയത്. പിന്നീട് അന്വേഷണം ക്രൈംബ്രാഞ്ചിനേയും തുടർന്ന് സി.ബി.ഐ.-യും ഏൽപ്പിച്ചു. തളിപ്പറമ്പ് ഡിപ്പോയിൽനിന്നും ചന്ദനതൈലം കളവുപോയത് സംബന്ധിച്ച് തളിപ്പറമ്പ് പോലീസ് ക്രൈം നമ്പർ 373/03 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

ഫോറസ്റ്റ് വിജിലൻസ് വിഭാഗം മുകളിൽ പറഞ്ഞ രണ്ടു കേസുകളിലും പ്രാഥമികാന്വേഷണം നടത്തിയിരുന്നു.

(ബി) ആഭ്യന്തര വകുപ്പിന്റെ 28-6-2003-ലെ 34568/ജെ2/03/ഫോം നമ്പർ നോട്ടിഫിക്കേഷൻ പ്രകാരമാണ് ഒലവക്കോട് സ്ട്രോംഗ് റൂം മോഷണക്കേസ് അന്വേഷണത്തിന് സി.ബി.ഐ.-യ്ക്ക് കൈമാറിയത്. (പകർപ്പ് ഉള്ളടക്കം ചെയ്തുവരുന്നു) † തളിപ്പറമ്പ് ഡിപ്പോയിലെ മോഷണക്കേസ് സി.ബി.ഐ.-യ്ക്ക് കൈമാറിയിട്ടില്ല.

(സി) ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ക്യാബിനറ്റ് സെക്രട്ടേറിയറ്റിന്റെ നോട്ടിഫിക്കേഷൻ നമ്പർ 228/61/03 ഡി.എസ്. പി. ഇ. തീയതി 6-4-2004 പ്രകാരമാണ് അന്വേഷണം ഏറ്റെടുത്തിട്ടുള്ളത്.

(ഡി ആന്റ് ഇ) ഒലവക്കോട് സ്ട്രോംഗ് റൂമിലെ മോഷണക്കേസ് സംബന്ധമായ രേഖകൾ 30-6-2004-ൽ സി.ബി.ഐ.-യ്ക്ക് കൈമാറിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.